പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി,   കിംഗ്ഡം ഓഫ് സൌദി അറേബ്യ ഏപ്രില് 2-3, 2016 വരെ  ഔദ്യോഗികമായി സന്ദര്ശിക്കുന്നു . സല്മാന് ബിന് അബ്ദുള് അസീസ് അല്- സൌദ് രാജാവിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം

രണ്ടായിരത്തി പത്തില് മുന് പ്രധാനമന്ത്രി ഡോ. മന്മോഹന് സിംഗ് റിയാദിലേക്ക് നടത്തിയ സന്ദര്ശനത്തിന് ശേഷം ഇതാദ്യമായാണ് ഇന്ത്യയില് നിന്നും സൌദി അറേബ്യയിലേക്ക് ഉന്നത തല സന്ദര്ശനം നടക്കുന്നത്

സന്ദര്ശനത്തോട് അനുബന്ധിച്ച് ശ്രീ നരേന്ദ്ര മോദി സല്മാന് ബിന് അബ്ദുള് അസീസ് അല്- സൌദ് രാജാവുമായി ഉഭയകക്ഷി, മേഖലാ വിഷയങ്ങള്ക്കൊപ്പം , അതോടൊപ്പം പരസ്പരം താത്പര്യമുള്ള ബഹുമുഖ വിഷയങ്ങളിലും ചര്ച്ച നടത്തും.

ഇന്ത്യയും സൌദി അറേബ്യയും ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളില് അടിസ്ഥാനമാക്കി വളരെ അടുത്ത സൌഹൃദ ബന്ധങ്ങള് പങ്ക് വയ്ക്കുന്നുണ്ട്. രണ്ടായിരത്തി പത്തിലെ  റിയാദ് പ്രഖ്യാപനത്തിലൂടെ സ്ഥാപിക്കപ്പെട്ട തന്ത്രപ്രധാന പങ്കാളിത്തം രാഷ്ട്രീയം , സാമ്പത്തികം , സുരക്ഷാ , പ്രതിരോധ മേഖലകളില് കൂടുതല് ആഴത്തിലുള്ള ഇടപാടുകള് വിഭാവനം ചെയ്യുന്നതാണ് . അടുത്ത കാലങ്ങളില് പരസ്പരം താത്പര്യമുള്ള പ്രധാന മേഖലകളിലെ ഉഭയകക്ഷി സഹകരണത്തില് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

ഉഭയകക്ഷി വ്യാപാരത്തില് സൌദി അറേബ്യ നമ്മുടെ നാലാമത്തെ വലിയ പങ്കാളിയാണ്, 2014-15 കാലത്ത് ഇത് 39 ബില്യണ് അമേരിക്കന് ഡോളര് കവിഞ്ഞിരുന്നു . ഇന്ത്യയുടെ ഏറ്റവും വലിയ ക്രൂഡ് ഓയില് വിതരണക്കാര് കൂടിയാണ് സൌദി അറേബ്യ , അത് ഏകദേശം നമ്മുടെ മൊത്തം ഇറക്കുമതിയുടെ അഞ്ചില് ഒന്ന് വരും

സൌദി അറേബ്യയിലെ ഏറ്റവും വലിയ പ്രവാസ

സമൂഹമാണ്  ഇന്ത്യക്കാര് , ആതിഥേയ രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും അവര്  നല്കുന്ന സംഭാവനകളെ പരക്കെ അംഗെകരാം നേടിയിട്ടുണ്ട് . ഏകദേശം 2.96 ദശലക്ഷം ഇന്ത്യന് പൌരന്മാര് ഇപ്പോള് സൌദി അറേബ്യയില് ജോലി ചെയ്യുന്നുണ്ട് .

ന്യൂഡെല്ഹി
മാര്ച്ച് 22, 2016